**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **07-12-2022 - ൽ മറുപടിയ്ക്ക്**

**മറ്റത്തൂര് ചേക്കത്തിയിൽ കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണ ഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങര മണ്ഡലത്തിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ മറ്റത്തൂര് ചേക്കത്തിയിൽ പ്രദേശത്ത് കടലുണ്ടിപ്പുഴയുടെ ഇടതു കര ശക്തമായ പ്രളയത്തെ തുടർന്ന് കരകവിഞ്ഞൊഴുകി വീടുകൾക്ക് അപകട ഭീഷണിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രദേശത്ത് കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടിസ്വീകരിക്കുമോ? | (ബി) | പ്രസ്തുത സ്ഥലത്ത് കടലുണ്ടിപുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 31/10/2019-ൽ RMF ജില്ലാ സബ് കമ്മിറ്റി, സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാന ത്തിൽ, 23/11/2019-ലെ മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന RMF ജില്ലാ വിദഗ്ധ സമിതിയുടെ 88-ാം നമ്പർ യോഗനടപടികുറിപ്പ് പ്രകാരം “വേങ്ങര നിയോജകമണ്ഡലത്തിൽ ഒതുക്കങ്ങൽ പഞ്ചായത്തിൽ വാർഡ് 4-ൽ റീ സർവ്വേ നം.212/07 പാറമ്മൽ തേർമണ്ണ കടവിനു സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം" എന്ന പ്രവൃത്തിയ്ക്ക് 17.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (6 കോപ്പി വീതം) 19/02/2020-ന് മലപ്പുറം ജില്ലാ കളക്ടർക്ക്, മലപ്പുറം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ